'ഭരണഭാഷ- മാതൃഭാഷ'

## കേരള സർക്കാർ

### <u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് നടക്കുന്ന അഖിലേന്ത്യാ എക്സിബിഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്

### സ.ഉ.(സാധാ) നം.294/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/02/2020

---

പരാമർശം:- 1 വടക്കാഞ്ചേരി നഗരസഭയിൽ 09/01/2020 തീയതി നടന്ന കൗൺസിലിലെ 11-ാം നമ്പർ തീരുമാനം.

2 വടക്കാഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 03/02/2020 ലെ PH1-14838/19നമ്പർ കത്ത്.

### <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ നടക്കുന്ന ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് 2020 ഫെബ്രുവരി 1 4 മുതൽ മാർച്ച്1 വരെ നടത്തുന്ന അഖിലേന്ത്യാ എക്സിബിഷന് വടാക്കാഞ്ചേരി മുനിലിപ്പാലിറ്റിയിൽ നിന്നും 3 ലക്ഷം രൂപയും, തലപ്പിള്ളി താലൂക്ക് പരിധിയിലെയും, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 25000/- രൂപയും ധനസഹായം ലഭ്യമാക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വടക്കാഞ്ചേരി നഗരസഭാ ചെയർപേഴ്സൻ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉത്രാളിക്കാവ് പൂരാഘോഷങ്ങളുടെ ഭാഗമായി 2020 ഫെബ്രുവരി 1 4 മുതൽ മാർച്ച്1 വരെ നടത്തുന്ന അഖിലേന്ത്യാ എക്സിബിഷന്റെ നടത്തിപ്പിനായി വടാക്കാഞ്ചേരി മുനിലിപ്പാലിറ്റിയിൽ നിന്നും 3,00,000/- (മൂന്ന് ലക്ഷം) രൂപയും തലപ്പിള്ളി താലൂക്ക് പരിധിയിലെയും, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 25,000/-(ഇരുപത്തി അയ്യായിരം) രൂപ വീതവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി/ചെയർപേഴ്സൺ, വടക്കാഞ്ചേരി നഗരസഭ, വടക്കാഞ്ചേരി പി.ഒ, തൃശ്ശൂർ - 680582.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ